# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4630** — 28/06/2013 - ലെ മറുപടിയ്ക്ക്

## ഉൽപാദനമേഖലയിലെ തകർച്ച

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തിന്റെ ഉൽപാദന മേഖലയിലെ തകർച്ചയ്ക്കിടയാക്കിയ മുഖ്യ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | **(എ)** ഉണ്ട്. തകർച്ചയ്ക്കിടയാക്കിയ പ്രധാന കാരണങ്ങൾ<br><br>എ ഉല്പാദന ക്ഷമതയിലെ കുറവ്.<br><br>ബി കാർഷിക യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തതയും തൊഴിലാളി ക്ഷാമവും<br><br>സി ജലസേചന സൗകര്യക്കുറവ്.<br><br>ഡി മണ്ണ് പരിപോഷണത്തിനുള്ള കുറവ്.<br><br>ഇ കാർഷിക ഉല്പന്നങ്ങളുട വിലയിടിവ്.<br><br>എഫ് നൂതനശാസ്ത്ര സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് കർഷകർക്ക് യഥാസമയം എത്തിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ..<br><br>ജി കാർഷിക മേഖലയിൽ നിന്നും ക്രമേണ സേവനമേഖലയിലേക്കുള്ള സമ്പദ് വ്യവസ്ഥിതിമാറ്റം.<br><br>എച്ച് കേന്ദ്ര സർക്കാരിന്റെ കയറ്റിറക്ക് നയങ്ങൾ.<br><br>ഐ കേന്ദ്ര സർക്കാരിന്റെ കാർഷിക ഉല്പന്നങ്ങളുടെ അടിസ്ഥാന വില നിർണ്ണയ നയം.<br><br>ജെ രാസവള വില വർദ്ധനവ്. |

| | | | |
|---|---|---|---|
| **(ബി)** | 2012-13 -ൽ **ആഭ്യന്തര ഉൽപാദന**ത്തിന്റെ എത്ര ശതമാനം പങ്ക് കാർഷിക മേഖലയ്ക്കുണ്ടായിരുന്നു ; ഇത് 2006-07 ൽ ഉണ്ടായിരുന്നതിനേക്കാൾ എത്ര ശതമാനം കുറയുകയുണ്ടായി ; | **(ബി)** | 2012-2013 ലെ കണക്കുകൾ ലഭ്യമായിട്ടില്ല. 2006-2007 - ൽ 11.69% ആയിരുന്നത് 2011-2012-ൽ 7.17% ആയി കുറഞ്ഞു. സേവന മേഖല ഒഴിച്ച് മറ്റ് മേഖലകളായ വ്യവസായവും, കാർഷിക അനുബന്ധ മേഖലകളുടെയും പങ്ക് കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. |
| **(സി)** | കാർഷികമേഖലയിലെ തകർച്ചയ്ക്ക് എന്തെങ്കിലും പരിഹാരം കണ്ടെത്തുവാൻ സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഈ വർഷം ഇതിനായി പ്രത്യേക കേന്ദ്രസഹായം വല്ലതും ലഭിക്കുകയുണ്ടായോ? | **(സി)** | കാർഷികമേഖലയിലെ തകർച്ചയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡും സർക്കാരും ചേർന്ന് കാർഷിക മേഖലയിൽ നൂതന പദ്ധതികളായ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ (340 ലക്ഷം രൂപ) ബയോപാർക്കുകൾ, ഇൻകം സപ്പോർട്ട് പദ്ധതി (500 ലക്ഷം രൂപ). വിള ആരോഗ്യ പരിപാലനം (1300 ലക്ഷം രൂപ), കാലാവസ്ഥാ ഇൻഷ്വറൻസ് പദ്ധതി (55 ലക്ഷം രൂപ), കാർഷിക യന്ത്രവത്ക്കരണം (500 ലക്ഷം രൂപ), കുട്ടനാട് ഹെറിറ്റേജ് പദ്ധതി (500 ലക്ഷം രൂപ) എന്നിവ 2013-2014 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ